# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2159 | 26.03.2013-ൽ മറുപടിക്ക്

ചോദ്യം | ഉത്തരം

ശ്രീ.എം. ഹംസ | ശ്രീ. കെ. എം. മാണി<br>ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പുമന്ത്രി

## വരവ് - ചെലവ് കണക്കുകൾ

<table>
<tr><td>(എ)</td><td>1.7.2006 മുതൽ 31.3.2011 വരെയുള്ള കാലത്ത് സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾക്കായി എത്ര രൂപ ചെലവഴിക്കപ്പെട്ടു;</td><td>2006-07 മുതൽ 2010-11 വരെ സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചതുക ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>രൂപ കോടിയിൽ</th></tr>
<tr><td>2006-07</td><td>10053.38</td></tr>
<tr><td>2007-08</td><td>13806.89</td></tr>
<tr><td>2008-09</td><td>16845.10</td></tr>
<tr><td>2009-10</td><td>18967.99</td></tr>
<tr><td>2010-11</td><td>22282.27</td></tr>
<tr><td>ആകെ</td><td>81955.63</td></tr>
</table></td></tr>
<tr><td>(ബി)</td><td>1.7.2006 മുതൽ 31.3.2011 വരെയുള്ള കാലത്തെ സംസ്ഥാനത്തിൻെറ കടം തിരിച്ചടയ്ക്കുന്നതിനായി എത്ര തുക ചെലവഴിച്ചു;</td><td>2006-07 മുതൽ 2010-11 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കടബാധ്യതകൾ (പൊതുകടം, ചെറുകിട സമ്പാദ്യം, പി.എഫ് മുതലായവ ഉൾപ്പെടെ) തിരിച്ചടയ്ക്കുന്ന തിനായി ചെലവായ തുകയുടെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.
<table>
<tr><th>വർഷം</th><th>തുക (കോടിയിൽ)</th></tr>
<tr><td>2006-07</td><td>15733.26</td></tr>
<tr><td>2007-08</td><td>16517.24</td></tr>
<tr><td>2008-09</td><td>16200.30</td></tr>
<tr><td>2009-10</td><td>12479.45</td></tr>
<tr><td>2010-11</td><td>16170.65</td></tr>
<tr><td>ആകെ</td><td>77100.90</td></tr>
</table></td></tr>
</table>

<table>
<tr>
<td>(സി)</td>
<td>1.7.2006 മുതൽ 31.3.2011 വരെയുള്ള കാലത്തെ വിവിധ സ്രോതസ്സുകൾ വഴിയുള്ള വരുമാനം എത്രയായിരുന്നു; വിശദാംശം നൽകാമോ;</td>
<td>2006-07 മുതൽ 2010-11 വരെയുള്ള കാലത്തെ വിവിധ സ്രോതസ്സുകൾ വഴിയുള്ള റവന്യൂ വരുമാനത്തിൻെറ കണക്കുകൾ ചുവടെ ചേർക്കുന്നു.<br>
<table>
<tr><th>വർഷം</th><th>രൂപ കോടിയിൽ</th></tr>
<tr><td>2006-07</td><td>18186.62</td></tr>
<tr><td>2007-08</td><td>21106.79</td></tr>
<tr><td>2008-09</td><td>24512.18</td></tr>
<tr><td>2009-10</td><td>26109.40</td></tr>
<tr><td>2010-11</td><td>30990.95</td></tr>
<tr><td>ആകെ</td><td>120905.94</td></tr>
</table>
</td>
</tr>
<tr>
<td>(ഡി)</td>
<td>1.7.2006 മുതൽ 31.3.2011 വരെയുള്ള കാലത്തെ സർക്കാർ ഉദ്യോഗസ്ഥരുടെ ശമ്പളവും അലവൻസുകളും ജനപ്രതിനിധികളുടെ ഓണറേറിയം, മറ്റ് ചെലവുകൾ എന്നിവയ്ക്കായി എത്ര തുക ചെലവഴിച്ചു; വിശദാംശം വാർഷികാടിസ്ഥാനത്തിൽ നൽകാമോ;</td>
<td>2006-07 മുതൽ 2010-11 വരെയുള്ള കാലയളവിൽ സർക്കാർ ഉദ്യോഗസ്ഥരുടെ ശമ്പളം, അലവൻസുകൾ എന്നീയിനങ്ങളിൽ ചെലവായ തുകയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.<br>
<table>
<tr><th>വർഷം</th><th>രൂപ കോടിയിൽ</th></tr>
<tr><td>2006-07</td><td>6585.45</td></tr>
<tr><td>2007-08</td><td>7693.66</td></tr>
<tr><td>2008-09</td><td>9063.81</td></tr>
<tr><td>2009-10</td><td>9800.20</td></tr>
<tr><td>2010-11</td><td>11068.38</td></tr>
<tr><td>ആകെ</td><td>44211.50</td></tr>
</table>
ജനപ്രതിനിധികളുടെ ഓണറേറിയം, മറ്റ് ചെലവുകൾ എന്നിവയെ സംബന്ധിച്ചുള്ള വിവരം 1957 ആഗസ്റ്റ് 19-ലെ ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കറുടെ നിർദ്ദേശമനുസരിച്ച് ലഭ്യമാക്കാവുന്നതല്ല.</td>
</tr>
</table>

<table>
<tr>
<td>(ഇ)</td>
<td>1.7.2011 മുതൽ 28.2.2013 വരെയുള്ള കാലത്തെ നികുതി, നികുതിയേതര വരുമാനം എത്ര; പ്രസ്തുത കാലത്തെ ആകെ വരുമാനം വ്യക്തമാക്കാമോ;</td>
<td>2011-12 മുതൽ 2012-13 (31.01.2013-വരെ അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം) വരെയുള്ള കാലയളവിലെ സംസ്ഥാന ത്തിന്റെ നികുതി, നികുതിയേതര വരുമാനം ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>നികുതി വരുമാനം</th><th>നികുതിയേതര വരുമാനം</th></tr>
<tr><td>2011-12</td><td>31708.96</td><td>6301.40</td></tr>
<tr><td>2012-13 (31.01.13 വരെ)</td><td>24693.10</td><td>4693.16</td></tr>
<tr><td>ആകെ</td><td>56402.06</td><td>10994.56</td></tr>
</table>
2011-12 സാമ്പത്തിക വർഷത്തിലെ റവന്യൂ വരുമാനം 38010.36 കോടി രൂപയും 2012-13 ജനുവരി 31 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരമുള്ള ആകെ വരുമാനം 33870.24 കോടി രൂപയുമാണ്.</td>
</tr>
<tr>
<td>(എഫ്)</td>
<td>1.7.2011 മുതൽ 28.2.2013 വരെയുള്ള കാലത്തെ ശമ്പളം , മറ്റലവൻസുകൾ എന്നീ ഇനത്തിൽ സർക്കാർ ജീവനക്കാർ, മറ്റുള്ളവർ എന്നിവർക്ക് എത്ര തുക ചെലവഴിച്ചു;</td>
<td>ശമ്പളയിനത്തിൽ 2011-12 സാമ്പത്തിക വർഷം 16083.25 കോടി രൂപയും നടപ്പു സാമ്പത്തിക വർഷം അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 31.01.2013 വരെ 14490.04 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.</td>
</tr>
<tr>
<td>(ജി)</td>
<td>1.7.2011 മുതൽ 28.2.2013 വരെ എത്ര കടം പലിശയുൾപ്പെടെ തിരിച്ചടച്ചു; വിശദാംശം ലഭ്യമാക്കുമോ;</td>
<td>2011-12 സാമ്പത്തിക വർഷത്തിലും 2012-13 സാമ്പത്തിക വർഷത്തിൽ (അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 31.01.2013 വരെ) പൊതുകടം, ചെറുകിട സമ്പാദ്യം, പി.എഫ്. മുതലായവയും പലിശകൊടുക്കലും ഉൾപ്പെടെ കടബാധ്യതകൾ തീർക്കാനായി ചെലവിട്ട തുക യഥാക്രമം 22035.94 കോടി രൂപയും 17852.13 കോടി രൂപയും ആണ്.</td>
</tr>
</table>

<table>
<tr>
<td>എച്ച്)</td>
<td>1.7.2011 മുതൽ 28.2.2013 വരെയുള്ള കാലത്ത് വികസന പ്രവർത്തനങ്ങൾക്കായി എത്ര രൂപ ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ?</td>
<td>2011-12 സാമ്പത്തിക വർഷവും 2012-13 സാമ്പത്തിക വർഷം അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 31.01.2013 വരെയും സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചതുകയുടെ വിവരം ചുവടെ ചേർക്കുന്നു.<br>
<table>
<tr><td>വർഷം</td><td>രൂപ കോടിയിൽ</td></tr>
<tr><td>2011-12</td><td>28922.76</td></tr>
<tr><td>2012-13 (31.01.2013 വരെ)</td><td>24603.52</td></tr>
<tr><td>ആകെ</td><td>53526.28</td></tr>
</table>
</td>
</tr>
</table>

Z.K. Sunil...

സെക്ഷൻ ഓഫീസർ